ആശുപത്രി ജീവനക്കാരന്റെ ആത്മഹത്യ: അന്വേഷണത്തിന് ആരോഗ്യ മന്ത്രി ഉത്തരവിട്ടു

തിരുവനന്തപുരം: പുലയനാർകോട്ട ക്ഷയരോഗാശുപത്രിയിലെ പാചകക്കാരൻ ആർ. കൃഷ്ണൻകുട്ടി ആത്മഹത്യ ചെയ്യാനുണ്ടായ സാഹചര്യത്തെപ്പറ്റി അന്വേഷിക്കാൻ മന്ത്രി പി. ശങ്കരൻ ഉത്തരവിട്ടു. ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് ജോയൻറ് സെക്രട്ടറി എം.എൻ. ഗുണവർധനെയാണ് അന്വേഷണത്തിന് നിയോഗിച്ചിട്ടുള്ളത്. റിപ്പോർട്ട് ഉടനെ നൽകണമെന്നും മന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്.

സ്ഥലം മാറ്റത്തിൽ മനംനൊന്ത് ഇയാൾ ആത്മഹത്യ ചെയ്തതെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് മന്ത്രി അന്വേഷണത്തിന് ഉത്തരവിട്ടത്. കഴിഞ്ഞ ദിവസം രാവിലെ ക്ഷയരോഗാശുപത്രി സൂപ്രണ്ട് ഓഫീസിന് മുന്നിൽ ബോധരഹിതനായി കാണപ്പെട്ട കൃഷ്ണൻ കുട്ടിയെ ഉടൻ തന്നെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരണം സംഭവിക്കുകയായിരുന്നു.

ആശുപത്രി വികസന സമിതി അംഗവുമായുണ്ടായ ആഭിപ്രായ വ്യത്യാസത്തെ തുടർന്ന് കൃഷ്ണൻകുട്ടിയെ നെയ്യാറ്റിൻകരക്ക് സ്ഥലം മാറ്റാൻ തീരുമാനിച്ചുവെന്നും ഇതിൽ മനംനൊന്ത് കൃഷ്ണൻ കുട്ടി ആത്മഹത്യ ചെയ്യുകയായിരുന്നുവെന്നുമാണ് ഇപ്പോൾ ഉയർന്ന് വന്നിട്ടുള്ള ആരോപണം.

പൊതുവേദികളിൽ തീവ്രവാദി സംഘടനകൾക്ക് പങ്കാളിത്തം നൽകരുത് –എസ്.കെ.എസ്.എസ്.എഫ്

കോഴിക്കോട്: മുസ്ലിം സംഘടനകൾ പൊതുവായി സംഘടിപ്പിക്കുന്ന പരിപാടികളിൽനിന്ന് തീവ്രവാദ സംഘടനകളെ മാറ്റി നിർത്തുന്നതിന് പകരം പൊതുവേദികളിൽ അവർക്ക് കൂടി പങ്കാളിത്തം നൽകുന്ന പ്രവണതയിൽ എസ്.കെ.എസ്.എസ്.എഫ് സംസ്ഥാന സെക്രട്ടറിയേറ്റ് ഉത്കണ്ഠ രേഖപ്പെടുത്തി.

മുസ്ലിം പേഴ്സനൽ ലോ ബോർഡ് പോലുള്ള വേദികളിൽ ആസൂത്രിത നീക്കത്തിലൂടെ തീവ്രവാദ സംഘടനകൾ കടന്നുകൂടുന്നതിലെ ആപത്ത് സമുദായ സംഘടനകൾ തിരിച്ചറിയണമെന്നും അത്തരം നീക്കങ്ങൾ പരാജയപ്പെടുത്തണമെന്നും യോഗം ആവശ്യപ്പെട്ടു.

മുസ്ലിം സമുദായത്തിന്റെ പൊതുപ്രശ്നങ്ങളെ മുൻനിർത്തി പള്ളികളിലും മറ്റ് പൊതുവേദികളിലും ധനസമാഹരണം നടത്തി സ്വന്തം സംഘടനയുടെ പേരിൽ ഫണ്ട് നൽകി മുഖ്യധാര പാമയുന്ന എൻ.ഡി.എഫ് പോലുള്ള തീവ്രവാദ സംഘടനകളുടെ നീക്കം സമുദായ നേതൃത്വവും മഹല്ല് കമ്മിറ്റികളും തിരിച്ചറിയണം. ഇത്തരക്കാരുടെ കപട നീക്കത്തിൽ വഞ്ചിതരാകരുതെന്ന് യോഗം മുന്നറിയിപ്പ് നൽകി.

തീവ്രവാദത്തിനെതിരെ ബോധവത്കരണം നടത്തുകയും പ്രതികരിക്കുകയും ചെയ്യുന്ന പണ്ഡിതന്മാരെയും സംഘടനാ പ്രവർത്തകരെയും ആക്രമിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന എൻ.ഡി.എഫ് നീക്കത്തിൽ യോഗം പ്രതിഷേധിച്ചു.

പ്രസിഡൻറ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ അധ്യക്ഷത വഹിച്ചു. അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ്, മുസ്തഫ മുണ്ടുപാറ, സിദ്ദീഖ് ഫൈസി വാളക്കുളം, മജീദ് ദാരിമി ചളിക്കോട്, ഗഫൂർ ഫൈസി കാട്ടുമുണ്ട, നാസർ ഫൈസി കൂടത്തായി, ഓണമ്പള്ളി മുഹമ്മദ് ഫൈസി, എസ്. അഹമ്മദ് ഉഖൈൽ കൊല്ലം, നൂഹ് കരിങ്കപ്പാറ,തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. ജന. സെക്രട്ടറി ഷാഹുൽ ഹമീദ് മേൽമുറി സ്വാഗതവും എസ്.വി. മുഹമ്മദലി നന്ദിയും പറഞ്ഞു.

പ്രൊട്ടക്റ്റഡ് അധ്യാപകരെ 31–നകം പൂർണമായി പുനർവിന്യസിക്കും –മന്ത്രി

പാനൂർ: പ്രൊട്ടക്റ്റഡ് അധ്യാപകരെ ഈമാസം 31-നകം പൂർണമായി പുനർവിന്യസിക്കുമെന്ന് വിദ്യാഭ്യാസമന്ത്രി നാലകത്ത് സൂപ്പി പറഞ്ഞു. അതത് സ്കൂളുകളിൽ സംരക്ഷിക്കാൻ കഴിയാത്ത അധ്യാപകരെ ഗവ. സ്കൂളുകളിൽ നിയമിക്കും.

നല്ലരീതിയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളെ സർക്കാർ ഏറ്റെടുക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതിനായി 2000-ത്തോളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പാഠപുസ്തക വിതരണം പൂർണമായി കഴിഞ്ഞെന്നാണ് സർക്കാറിന് ലഭിച്ച റിപ്പോർട്ട്. എന്നാൽ കണ്ണൂർ ജില്ലയിൽ പുസ്തക വിതരണം പൂർത്തിയായില്ലെന്നാണ് മനസ്സിലാക്കുന്നത്. അടുത്തവർഷം സർക്കാർ പ്രസിനെ ആശ്രയിക്കാതെ പുസ്തക വിതരണം നടത്താനാണ് പദ്ധതി.

പാനൂർ, കൊളവല്ലൂർ ഹയർസെക്കൻററി സ്കൂളുകളുടെ പുനർനാമകരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ദേശീയപാതയിൽ കാൽനടയാത്ര ദുരിതമാകുന്നു

വൈത്തിരി: പഞ്ചായത്തിലെ ദേശീയപാതക്കിരുവശവും റോഡ് വീതി കൂട്ടുന്ന പ്രവൃത്തി കാൽനട യാത്രക്കാർക്കും വിദ്യാർഥികൾക്കും ദുരിതമാകുന്നു. നടപ്പാതയായി ഉപയോഗിക്കുന്ന ഭാഗം ടാർ ചെയ്യാത്തതുമൂലം കാൽനടയാത്രക്കാർ വലഞ്ഞു. റോഡ് വീതികൂട്ടുന്ന മുറക്ക് വാഹനങ്ങളുടെ വേഗതയും വർധിക്കുന്നു. അതിനാൽ കാൽനടയാത്രക്കാർക്ക് സൗകര്യമേർപ്പെടുത്തി മാത്രമേ റോഡ് വീതികൂട്ടുന്ന പ്രവൃത്തി തുടരാവൂ എന്ന് വൈത്തിരി സൗഹൃദ സ്വാശ്രയസംഘം യോഗം അഭ്യർഥിച്ചു. പ്രസാദ് കുര്യൻ മാണി അധ്യക്ഷത വഹിച്ചു.

വർഗീയതക്കെതിരെ മതേതര കക്ഷികൾ ഒന്നിക്കണം

കൽപറ്റ: രാഷ്ട്രത്തിന്റെ മതേതര പൈതൃകത്തിന് വെല്ലുവിളി ഉയർത്തുന്ന വർഗീയ ശക്തികളെ ചെറുക്കുന്നതിന് രാജ്യത്തെ മതേതര കക്ഷികൾ ഒന്നിച്ച് അണി നിരക്കണമെന്ന് യൂത്ത് ഫ്രണ്ട് (എം) ജില്ലാ കൺവെൻഷൻ ആഹ്വാനം ചെയ്തു.

ജില്ലാ പ്രസിഡൻറ് വിൽസൻ നെടുംകൊമ്പിൽ അധ്യക്ഷത വഹിച്ചു. കെ.ജെ. ദേവസ്യ ഉദ്ഘാടനം ചെയ്തു. സെബാസ്റ്റ്യൻ പുലിക്കുത്തി, ജോസഫ് മാണിശ്ശേരി, വി.പി. അബ്ദുൽഗഫൂർ ഹാജി, പ്രിൻസ് ജോസഫ്, സിബി നിരപ്പിൽ, സണ്ണിതോമസ്, എൽദോ, പീസി. ജോയി, റോലി, പി.ജെ. മാത്യുസ്, സിബി അരക്കപറമ്പിൽ, ജിബു, ജോയ്സൺ തോമസ്, സി.ടി. സജി തുടങ്ങിയവർ പ്രസംഗിച്ചു.

കാപ്പിയും കുരുമുളകും സംഭരിക്കണം

കൽപറ്റ: കാപ്പി, കുരുമുളക് എന്നിവക്ക് തറവില നിശ്ചയിച്ച് മാർക്കറ്റ് ഇൻറർവെൻഷൻ പദ്ധതി (എം.ഐ.എസ്) പ്രകാരം സംഭരിക്കണമെന്ന് സ്വതന്ത്ര കർഷക സംഘം ജില്ലാ വർക്കിംഗ് കമ്മിറ്റി ആവശ്യപ്പെട്ടു. കുറച്ച് ദിവസക്കൾക്ക് മുമ്പ് കാപ്പിക്കും കുരുമുളകിനും കുറച്ചെങ്കിലും ഭേദപ്പെട്ട വില കിട്ടികൊണ്ടിരുന്നത് വിളവെടുപ്പ് തുടങ്ങിയതോടെ ഇടിയാൻ തുടങ്ങി. വിപണിയിൽ സർക്കാർ ഇടപെടുന്നത് വില കൂടാൻ സഹായിക്കും.

മരംമുറി ഓർഡിനൻസ് ഉടൻ നടപ്പിലാക്കുക, കാർഷിക പാക്കേജ് പ്രകാരം വയനാട്ടിൽ നിന്ന് അനുവദിച്ച ഫണ്ട് എത്രയും വേഗം ലഭ്യമാക്കുക എന്നീ ആവശ്യങ്ങളും ഉന്നയിച്ചു. ജില്ലാ പ്രസിഡൻറ് കെ.കെ. അലവി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഒ.കെ. അവറാൻ ഹാജി, വി. അസൈനാർ ഹാജി, എം. അത്രു, പി. ഉമ്മർ, ടി.പി. അഹമ്മദ്കോയ, ടി. അബൂബക്കർ ഹാജി, തൊണ്ടിയിൽ മൊയ്തീൻ, മാട്ടുങ്ങൽ മുഹമ്മദ് എന്നിവർ പ്രസംഗിച്ചു.

അസോള കൃഷി ശിൽപശാല

സുൽത്താൻ ബത്തേരി: ശ്രേയസ്സിന്റെ പ്രവർത്തന പരിധിയിലെ കർഷകർക്ക് അസോള കൃഷിയും പരിപോഷണവും എന്ന വിഷയത്തിൽ ഏകദിന ശിൽപശാല നടത്തി. പഞ്ചായത്ത് വൈസ് പ്രസിഡൻറ് എൻ.എം. വിജയൻ ഉദ്ഘാടനം ചെയ്തു. അടുത്ത ഒരുവർഷം കൊണ്ട് 15,000 കർഷക കുടുംബങ്ങളിൽ അസോള കൃഷി വ്യാപിപ്പിക്കുകയാണ് ശ്രേയസിന്റെ ലക്ഷ്യമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. എൽദോ പുത്തൻകണ്ടത്തിൽ അറിയിച്ചു. കന്യാകുമാരി നാർഡെപ് ടെക്നോളജി റിസോഴ്സ് സെൻററിലെ ഡോ. പി. കമലാസനൻപിള്ള നേതൃത്വം നൽകി.

മുജാഹിദ് സമ്മേളനം വിജയിപ്പിക്കും

പിണങ്ങോട്: എറണാകുളത്ത് നടക്കുന്ന മുജാഹിദ് സമ്മേളനം വിജയിപ്പിക്കാൻ കെ.എൻ.എം പിണങ്ങോട് യൂനിറ്റ് സ്വാഗതസംഘം തീരുമാനിച്ചു. പി.വി. അലവി അധ്യക്ഷത വഹിച്ചു. സി.കെ. മുഹമ്മദ്, കുനിയിൽ അബൂബക്കർ, ആറ്റക്കോയ തങ്ങൾ, അശ്റഫ്, സി.കെ. ഉമ്മർ മല്ലൻ, അശ്റഫ്, വി.കെ. മൊയ്തീൻ എന്നിവർ പ്രസംഗിച്ചു. നജീബ് പിണങ്ങോട് സ്വാഗതവും മനാഫ് പിണങ്ങോട് നന്ദിയും പറഞ്ഞു.

മേപ്പാടി: എറണാകുളം മുജാഹിദ് സമ്മേളനം വിജയിപ്പിക്കാൻ കെ.എൻ.എം മേപ്പാടി മണ്ഡലം കമ്മിറ്റി തീരുമാനിച്ചു. 250 പ്രതിനിധികൾ പങ്കെടുക്കും. പ്രസിഡൻറ് പി.ഒ. ഉമ്മർ മാസ്റ്റർ അധ്യക്ഷത വഹിച്ചു. എൻ.വി. ഹംസ മദനി, എം. ഇബ്രാഹിം, ഫത്താഹ്, എ. മൊയ്തീൻ, എം.കെ. മൊയ്തീൻ, പെരിഞ്ഞിരി അഷ്റഫ്, കാരാടൻ നജീബ് എന്നിവർ പ്രസംഗിച്ചു. ടി.ടി. ഗഫൂർ സ്വാഗതവും കെ. അസൈൻ നന്ദിയും പറഞ്ഞു.

കരണി: എറണാകുളം മുജാഹിദ് സമ്മേളനം വിജയിപ്പിക്കാൻ കെ.എൻ.എം കരണി യൂനിറ്റ് തീരുമാനിച്ചു. പ്രസിഡൻറ് മേക്കുന്നത്ത് കരീം അധ്യക്ഷത വഹിച്ചു. രജിസ്ട്രേഷൻ കൺവീനർ ഹബീബുറഹ്മാൻ, സെയ്തലവി കാര്യമ്പാടി, എം. മുഹമ്മദ്, സമദ് പടാരിക്കുന്ന്, ഷറഫുദ്ദീൻ, നസീർ കരണി, റഷീദ് കരണി, നസറുദ്ദീൻ, സെയ്തലവി കാര്യമ്പാടി എന്നിവർ പ്രസംഗിച്ചു.

സുഗേഷ് വധം: നാലു പേർക്ക് ജീവപര്യന്തം

തലശ്ശേരി: നിട്ടൂർ ഗുംട്ടിയിലെ ഡി.വൈ.എഫ്.ഐ പ്രവർത്തകൻ എ.ടി. സുഗേഷ് വധക്കേസിൽ പ്രതികളായ നാലു പേരെ ജീവപര്യന്തം തടവിനും പിഴ അടക്കാനും കോടതി ശിക്ഷിച്ചു. സി.ആർ.പി.സി 302 പ്രകാരം കുറ്റക്കാരെന്ന് കണ്ടെത്തിയ ഒന്നു മുതൽ നാലു വരെ പ്രതികളായ ചാലിലെ തച്ചങ്കണ്ടി അലി (24) ചെറിയത്ത് റസാഖ് (23) കേളൻറകത്ത് ഹസ്സൻ (24) തച്ചങ്കണ്ടി സകരിയ്യ (22) എന്നിവരെയാണ് ജീവപര്യന്തം തടവിനും 40,000 രൂപ വീതം പിഴയടക്കാനും അഡീഷനൽ സെഷൻസ് ജഡ്ജി പി. ഉബൈദ് ശിക്ഷിച്ചത്. പിഴ സംഖ്യയിൽ 1,40,000 രൂപ കൊല്ലപ്പെട്ട സുഗേഷിന്റെ മാതാപിതാക്കൾക്ക് നൽകണം. പിഴ അടച്ചില്ലെങ്കിൽ മൂന്നു വർഷംകൂടി കഠിന തടവ് അനുഭവിക്കണം.

പിഴ അടച്ചില്ലെങ്കിൽ പ്രതികളുടെ സ്ഥാവര ജംഗമ സ്വത്തുക്കൾ കലക്ടർക്ക് വാറണ്ട് പുറപ്പെടുവിച്ച് ജപ്തി ചെയ്ത് ഈടാക്കാം. റവന്യൂ റിക്കവറി നടപടി എന്താണോ അത് സ്വീകരിച്ച് പിഴ സംഖ്യ ഈടാക്കേണ്ടതാണെന്ന് ജഡ്ജി വ്യക്തമാക്കി. പ്രതികളുടെ പേരിൽ വസ്തുക്കൾ ഇല്ലെങ്കിൽ കഠിന തടവ് അനുഭവിക്കണം. റിമാൻറിൽ കഴിഞ്ഞ കാലത്തെ ശിക്ഷ ഇളവു നൽകിയിട്ടില്ല.

കേസിലെ അഞ്ചു മുതൽ എട്ടുവരെ പ്രതികളായ പറമ്പത്ത് ഖാദർ (24) കൊവ്വുമ്മൽകണ്ടി നാസർ (24) കരിച്ചാങ്കണ്ടി മുഹമ്മദ് (28) കേളോത്ത് കരീം (24) എന്നിവരെ കുറ്റക്കാരല്ലെന്നു കണ്ട് കോടതി വിട്ടയച്ചിരുന്നു.

'97 ഫെബ്രുവരി 25ന് രാത്രി 9.30നാണ് കേസിനാസ്പദമായ സംഭവം. ജഗന്നാഥ ക്ഷേത്രോൽസവത്തിന് ഓട്ടോറിക്ഷയിൽ പോകുകയായിരുന്ന സുഗേഷിനെ ആർ.എസ്.എസ് പ്രവർത്തകനാണെന്ന് തെറ്റിദ്ധരിച്ച് പ്രതികൾ ഓട്ടോ തടഞ്ഞുനിർത്തി വെട്ടിക്കൊല്ലുകയായിരുന്നുവെന്നാണ് കേസ്. സംഭവ ദിവസം പകൽ പ്രതികളിൽ ഒരാളുടെ ബന്ധുവിനെ പുന്നോൽ ഉസ്മൻമൊട്ടയിൽ ആർ.എസ്.എസ് പ്രവർത്തകർ ആക്രമിച്ചിരുന്നു.

കേസിൽ പ്രതികൾ കുറ്റക്കാരാണെന്ന് കണ്ടെത്തിയ കഴിഞ്ഞ ദിവസം പ്രതികളുടെ ആൾക്കാർ എന്നു പറയപ്പെടുന്നവരും സി.പി.എം പ്രവർത്തകർ എന്നാരോപിക്കപ്പെടുന്നവരും തമ്മിൽ കോടതി പരിസരത്ത് നേരിയ സംഘർഷമുണ്ടായിരുന്നു. അതിനാൽ ഇന്നലെ കോടതി പരിസരത്ത് ശക്തമായ പോലിസ് സന്നാഹം നിലയുറപ്പിച്ചു.

സമരപ്രഖ്യാപന കൺവെൻഷൻ

കൽപറ്റ: നരേന്ദ്രൻ കമീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് യൂത്ത് ലീഗ് നടത്തുന്ന പ്രക്ഷോഭ പരിപാടികളുടെ ഭാഗമായി വയനാട് ജില്ലാ യൂത്ത് ലീഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൽപറ്റയിൽ നടത്തിയ സമരപ്രഖ്യാപന കൺവെൻഷൻ ജില്ലാ ലീഗ് വൈസ് പ്രസിഡൻറ് പി.കെ. അബൂബക്കർ ഉദ്ഘാടനം ചെയ്തു. യൂത്ത് ലീഗ് ജില്ലാ പ്രസിഡൻറ് കെ.എ. മുജീബ് അധ്യക്ഷത വഹിച്ചു. പി.പി. മുഹമ്മദ്, സലീം മേമന, ടി. മൊയ്തു, വി.എം. അബൂബക്കർ, എ.പി. ഹമീദ് എന്നിവർ പ്രസംഗിച്ചു. ജന. സെക്രട്ടറി പി.പി. അയ്യൂബ് സ്വാഗതവും കടവത്ത് ഷറഫുദ്ദീൻ നന്ദിയും പറഞ്ഞു.

പ്രക്ഷോഭത്തിന്റെ ഭാഗമായി ജനുവരി മൂന്നിന് ബത്തേരി, കൽപറ്റ, മാനന്തവാടി എന്നിവിടങ്ങളിൽ റാലിയും പൊതുസമ്മേളനവും നടത്തും.

24ന് നേതാക്കൾ നിയമസഭക്ക് മുന്നിൽ ഉപവാസം നടത്തുന്നതിന്റെ ഭാഗമായി പഞ്ചായത്ത് കേന്ദ്രങ്ങളിൽ സായാഹ്ന ധർണ നടത്തുമെന്നും ജില്ലാ പ്രസിഡൻറ് മുജീബ് അറിയിച്ചു.

ലോകബാങ്ക് സഹായത്തോടെ റോഡ് വികസനത്തിന് പദ്ധതി –മന്ത്രി മുനീർ

മൂവാറ്റുപുഴ: ലോകബാങ്ക് സഹായത്തോടെ രണ്ടാംഘട്ട റോഡ് വികസനത്തിന് സംസ്ഥാന സർക്കാർ രൂപംനൽകിയതായി പൊതുമരാമത്ത് മന്ത്രി എം.കെ. മുനീർ പ്രസ്താവിച്ചു. ലോകബാങ്ക് ധനസഹായത്തോടെ കഴിഞ്ഞ വർഷം 1400 കിലോമീറ്റർ റോഡുകളുടെ നിർമാണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. അടുത്ത പദ്ധതിയിൽ 1500 കിലോമീറ്റർ റോഡുകളുടെയും പാലങ്ങളുടെയും ബൈപാസുകളുടെയും നിർമാണം നടത്താനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിനായി സർക്കാർ 'കോർ റോഡ് നെറ്റ്വർക്ക് സമിതിക്ക്' രൂപംനൽകിയതായും മന്ത്രി അറിയിച്ചു.

സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് മാത്രമായി പ്രതിവർഷം 500 കോടി രൂപ ആവശ്യമുണ്ട്. എന്നാൽ, 200 കോടി മാത്രമാണ് മാറ്റിവെക്കാൻ കഴിയുന്നത്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പണമില്ലെന്നു പറഞ്ഞ് ഒഴിഞ്ഞുമാറാൻ ഇനി സർക്കാർ തയാറല്ല. കിട്ടാവുന്നിടത്തുനിന്നെല്ലാം പണംവാങ്ങി സൗകര്യങ്ങൾ ഏർപ്പെടുത്തും.

നബാർഡിൽനിന്ന് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെക്കുറച്ച് രൂപയാണ് കേരളത്തിന് ലഭിക്കുന്നത്. മറ്റു സംസ്ഥാനങ്ങൾക്ക് 600 കോടി വരെ ലഭിക്കുമ്പോൾ കേരളത്തിന് കഴിഞ്ഞ വർഷം ലഭിച്ചത് 69 കോടി രൂപ മാത്രമാണ്. മറ്റു സംസ്ഥാനങ്ങളിൽ ഇനി ബാക്കിവരുന്ന പണവും കേരളത്തിൽ മറ്റുവകുപ്പുകൾ ചെലവഴിക്കാത്ത പണവും സംഭരിച്ച് സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിലെ വികസന പ്രവർത്തനങ്ങൾ നടത്താൻ പദ്ധതി നടപ്പാക്കിവരികയാണെന്നും മന്ത്രി അറിയിച്ചു.

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്: മലബാറിന് 10,000 കോടിയുടെ പദ്ധതി –ജിജി തോംസൺ

കണ്ണൂർ: ജനുവരിയിൽ കൊച്ചിയിൽ നടക്കുന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ മലബാറിനുവേണ്ടി 10,000 കോടി രൂപ ചെലവുവരുന്ന വിവിധ പദ്ധതികൾ ചർച്ചചെയ്യുമെന്ന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെൻറ് കോർപറേഷൻ എം.ഡിയും ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് കൺവീനറുമായ ജിജി തോംസൺ പറഞ്ഞു. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിനെക്കുറിച്ച് നോഡൽ മലബാർ ചേമ്പർ ഓഫ് കോമേഴ്സ് മസ്കോട്ട് ഹോട്ടലിൽ സംഘടിപ്പിച്ച വ്യവസായികളുമായുള്ള ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മലബാറിനെ അവഗണിക്കുന്നുവെന്ന പരാതി ശരിയല്ല. ആകെ പരിഗണിക്കുന്ന 30,000 കോടിയുടെ പദ്ധതിയിൽ 10,000 കോടിയുടെ പദ്ധതിയും മലബാർ മേഖലയിലാണ്. മലബാറിന്റെ വികസനത്തിൽ കുതിച്ചുചാട്ടമായി കണക്കാക്കാവുന്ന ഒട്ടേറെ പ്രൊജക്റ്റുകൾ മീറ്റിൽ അവതരിപ്പിക്കുന്നുണ്ട്. അഴീക്കോട് തുറമുഖത്തിന് 1500 കോടിയുടെയും കണ്ണൂർ വിമാനത്താവളത്തിന് 300 കോടിയുടെയും കാസർകോട് പെട്രോൾ കെമിക്കൽ പ്രൊജക്റ്റിന് 800 കോടിയുടെയും പദ്ധതിയാണ് തയാറാക്കിയിട്ടുള്ളത്. കണ്ണൂർ, കാസർകോട് ജില്ലയിൽ എക്സ്പ്രസ് ഹൈവേയുടെ ഒന്നാംഘട്ടത്തിന് 1200 കോടിയുടെയും, ബേപ്പൂർ തുറമുഖത്തിന് 300 കോടിയുടെയും പദ്ധതി മീറ്റിൽ ചർച്ചചെയ്യും.

മുനമ്പം പൊന്നാനി തുറമുഖം, വെസ്റ്റ് കോസ്റ്റ് ഹൈവേ, പാലക്കാട് ഇറച്ചി സംസ്കരണ കേന്ദ്രം എന്നിവക്ക് 50 കോടി വീതവും പാലക്കാട് ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈസ്കീം, വിദ്യാഭ്യാസ പാർക്ക് എന്നിവക്ക് 40 കോടിയുടെയും പദ്ധതിയാണുള്ളത്. കൂടാതെ കണ്ണൂർ ടൂറിസം പ്രൊജക്റ്റ്, വയനാട്, നെല്ലിയാമ്പതി എന്നിവിടങ്ങളിൽ അന്താരാഷ്ട്ര റസിഡൻഷ്യൽ സ്കൂളുകൾ, വയനാട് ഹെർബൽ പ്രൊജക്റ്റ് ബാലുശ്ശേരി ഹോളിസ്റ്റിക് പാർക്ക് തുടങ്ങിയ പദ്ധതികളും അവതരിപ്പിക്കും.

ഈ പദ്ധതികൾ നിക്ഷേപകർക്ക് മുന്നിൽ അവതരിപ്പിക്കുക മാത്രമാണ് ഇൻവെസ്റ്റേഴ്സ് മീറ്റിൽ ചെയ്യുകയെന്നും ഏതൊക്കെ യാഥാർഥ്യമാകുമെന്ന് ഇപ്പോൾ പറയാനാവില്ലെന്നും അദ്ദേഹം വ്യക്തമാക്കി. നിക്ഷേപകർക്ക് താൽപര്യമുള്ള പദ്ധതികളുടെ ലാഭനഷ്ടങ്ങൾ വിലയിരുത്തിയ ശേഷമെ അവർ മുതൽ മുടക്കുകയുള്ളൂ. എങ്കിലും രണ്ടോ മൂന്നോ വർഷത്തിനകം ചില പദ്ധതികൾ തുടങ്ങാനാകുമെന്നാണ് കരുതുന്നത്. ബി.ഒ.ടി വ്യവസ്ഥയിലാണ് പദ്ധതി നടപ്പാക്കുക. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ പ്രധാന ലക്ഷ്യം കേരളം വ്യവസായ സൗഹൃദ സംസ്ഥാനമല്ല എന്ന ധാരണ തിരുത്തുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. യോഗത്തിൽ ചേമ്പർ സെക്രട്ടറി കെ. ത്രിവിക്രമൻ അധ്യക്ഷത വഹിച്ചു. പി.പി ലക്ഷ്മണൻ, പി. ജയചന്ദ്രൻ, സൂര്യകാന്ത് പുരുഷോത്തമൻ, എന്നിവർ പ്രസംഗിച്ചു.

'ആ മനുഷ്യൻ....' പുറത്തായി; ഒൻപതിൽ അടുത്തവർഷം നാടകമില്ല

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ഒൻപതാം ക്ലാസിലെ മലയാള പാഠപുസ്തകത്തിൽനിന്ന് സി.ജെ. തോമസിന്റെ നാടകം പുറത്തായി. കഴിഞ്ഞ ദിവസം ചേർന്ന പാഠ്യപദ്ധതി സമിതി യോഗമാണ് ഈ തീരുമാനമെടുത്തത്. അടുത്ത അധ്യയനവർഷം നിലവിൽ വരുന്ന മലയാള പാഠാവലിയിൽ ഉൾപ്പെടുത്തിയിരുന്ന സി.ജെയുടെ 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകത്തിന്റെ ഭാഗമാണ് ഒഴിവാക്കിയത്. പാഠ്യപദ്ധതി ഉപസമിതിയുടെ ശിപാർശ അനുസരിച്ചാണ് നാടകഭാഗം വേണ്ടന്ന് തീരുമാനിച്ചത്. ബൈബിളിലെ ദാവീദ് രാജാവിന്റെ കഥയാണ് നാടകത്തിന്റെ ഇതിവൃത്തം.

ദാവീദ് തെറ്റുചെയ്തുവെന്ന് നാടകത്തിൽ പറയുന്നു. എന്നാൽ മതവിശ്വാസപ്രകാരം ദാവീദ് പ്രവാചകന്മാരിൽ ഒരാളാണെന്നും പ്രവാചകന്മാർ തെറ്റ് ചെയ്യില്ലെന്നാണ് വിശ്വാസമെന്നും ഉപസമിതിയിലെ ഒരംഗം ചൂണ്ടിക്കാട്ടി. അതിനാൽ നാടകത്തിൽ ദാവീദ് തെറ്റ് ചെയ്തുവെന്ന് പറയുന്നത് വിശ്വാസത്തിന് എതിരാണെന്നും അത് ഒഴിവാക്കണമെന്നും അംഗം ആവശ്യപ്പെട്ടു. പാഠ്യപദ്ധതി സമിതി ഇത് അംഗീകരിക്കുകയായിരുന്നു. എന്നാൽ പകരം നാടകമൊന്നും ഉൾപ്പെടുത്താതെയാണ് സമിതി പാഠപുസ്തകം അംഗീകരിച്ചത്. പി.ജെ. ആൻറണിയുടെ 'സോക്രട്ടീസ്', സാറാ ജോസഫിന്റെ 'ചാത്തുമ്മാന്റെ ചെരുപ്പ്' തുടങ്ങി പല നാടകങ്ങളും പരിശോധിച്ച് കുട്ടികൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതും മികച്ചതും എന്ന നിലയിലാണ് സി.ജെയുടെ നാടകം തെരഞ്ഞെടുത്തത്. എട്ട് ഭാഗങ്ങളിലായി 25 പാഠങ്ങളുള്ള പുസ്തകത്തിലെ നാലാം ഭാഗത്തിലെ 11-ാം പാഠമാണ് ഒഴിവാക്കിയത്.

മുൻക്ലാസുകളിൽ കേരളീയ കലകളെ കുറിച്ച് പഠിച്ചതിന്റെ തുടർച്ചയായി കലകളുമായി ബന്ധപ്പെട്ട സാഹിത്യത്തെ കുറിച്ച് കുട്ടികൾക്ക് അറിവ് നൽകുകയാണ് ഈ ഭാഗത്ത് ഉദ്ദേശിക്കുന്നത്. നാടകം (ആ മനുഷ്യൻ നീ തന്നെ-സി.ജെ. തോമസ്), തിരക്കഥ (ഇരുട്ടിന്റെ അത്മാവ്-എം.ടി. വാസുദേവൻനായർ), മാപ്പിളപ്പാട്ട് (എം.എൻ. കാരശ്ശേരിയുടെ ലേഖനവും മോയിൻകുട്ടി വൈദ്യരുടെ ഒരു മാപ്പിളപ്പാട്ടും) എന്നിങ്ങനെ മൂന്ന് പാഠങ്ങളാണ് നാലാം ഭാഗത്ത് ഉൾപ്പെടുത്തിയിരുന്നത്. നാടകം ഒഴിവാക്കിയതോടെ ഈ ഭാഗത്ത് പാഠങ്ങളുടെ എണ്ണം രണ്ടായി. നാടകവുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന പഠനപ്രവർത്തനങ്ങളും ഇതോടെ ഒഴിവാക്കേണ്ടി വന്നിരിക്കുകയാണ്.

എന്നാൽ നാടകം വേണ്ടെന്ന് തീരുമാനം എടുത്തിട്ടില്ലെന്നും ഒഴിവാക്കണമോയെന്ന് ഒന്നുകൂടി പരിശോധിക്കുവാൻ പാഠ്യപദ്ധതി ഉപസമിതിയോട് ആവശ്യപ്പെട്ടിരിക്കുകയാണെന്നും എസ്.സി.ഇ.ആർ.ടി ഡയറക്ടർ ഡോ. പി.എം. ജലീൽ പറഞ്ഞു.

സമര നിയന്ത്രണത്തിന് ചർച്ച നടത്തുമെന്ന് മന്ത്രി; ആലോചിക്കാമെന്ന് പ്രതിപക്ഷനേതാവ്

തിരുവനന്തപുരം: ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന